(ഇ) & (എഫ്) പോലീസ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ നടപടി

155 [126] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കാണ് അയച്ചുകൊടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമവകുപ്പ് മന്ത്രിക്ക് പ്രസ്തുത പ്രമേയം അയച്ചു കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ എം. പി., മുഖ്യമന്ത്രിക്ക് കത്തെഴുതിയിരുന്നോ; എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള നിയമസഭ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് പാസ്സാക്കിയ പ്രമേയം കേന്ദ്ര നിയമ വകുപ്പ് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) അയച്ചു കൊടുത്തിട്ടില്ല. കേന്ദ്ര നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം സംസ്ഥാന സർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് തലസ്ഥാനത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ബഞ്ചിന്റെ സ്ഥാപനത്തെക്കുറിച്ച് ഹൈക്കോടതിയുടെ അഭിപ്രായം ആരായുകയും, തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപ്പര്യത്തിനോ നീതി നിർവഹണത്തിനോ സഹായകരമല്ലായെന്നതിനാൽ നിർദ്ദേശം ഉപേക്ഷിക്കണമെന്ന് 3-8-2004-ലെ കത്തിൽ ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റീസ് മുഖ്യമന്ത്രിയെ അറിയിക്കുകയുമുണ്ടായി.

4-8-2004-ൽ കൂടിയ മന്ത്രിസഭായോഗത്തിൽ തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇൻഡ്യൻ പ്രസിഡന്റിന് കത്തെഴുതാൻ തീരുമാനിക്കുകയുണ്ടായി. മന്ത്രിസഭയുടെ തീരുമാനപ്രകാരം തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ചിന്റെ ആവശ്യകതയെ സംബന്ധിച്ച് 17-9-2004-ൽ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ബഹു. രാഷ്ട്രപതിക്ക് കത്തയയ്ക്കുകയുണ്ടായി. മറുപടി ലഭ്യമായിട്ടില്ല. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കുന്ന കാര്യത്തിൽ മന്ത്രിസഭ സജീവ താൽപ്പര്യമെടുത്ത് ബഹു. രാഷ്ട്രപതിക്ക് കത്തയച്ച സാഹചര്യത്തിൽ 23-7-2004-ലെ നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്രനിയമവകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രനിയമ മന്ത്രിക്ക് നേരിട്ട് അയച്ചു കൊടുത്തിട്ടില്ല.

(സി) & (ഡി) ശ്രീ. വർക്കല രാധാകൃഷ്ണൻ എം. പി. യും ശ്രീ. പി. കെ. വാസുദേവൻ നായർ എം. പി. യും ഇതു സംബന്ധിച്ച് ജനുവരി 2005-ൽ മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. മുകളിലെ മറുപടിയിൽ വിവരിച്ച സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ടി കത്തിന്മേൽ മറ്റു നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). †

വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യകൾ തടയുന്നതിന് നടപടി

156 [134] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആൺ-പെൺ അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നഗരപരിധികളിൽ ആൺ-പെൺകുട്ടികളുടെ അനുപാതം വളരെയധികം കുറയുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിൽ 2004-2005-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഭ്രൂണഹത്യകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം നടത്തുന്ന അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യമുള്ള ക്ലിനിക്കുകൾ ആരോഗ്യവകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) പ്രീനാറ്റൽ ഡയഗ്നോസ്റ്റിക്ക് ടെക്നിക് ആക്ട് അനുസരിച്ച് ലിംഗ നിർണ്ണയം നടത്തുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനായി ജില്ലാ അടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(എഫ്) വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യകൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly